# കേരള സർവകലാശാല

നം.പി.ആർ.93/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫീസ്

എം.സി.എ ആറാം സെമസ്റ്റർ റെഗുലർ & സപ്ലിമെന്ററി (2015 സ്കീം), ആറാം സെമസ്റ്റർ സപ്ലിമെന്ററി (2011 സ്കീം - 2013 & 2014 അഡ്മിഷൻ മാത്രം) എന്നീ പരീക്ഷകളുടെ രജിസ്ട്രേഷൻ മേയ് 10 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ മേയ് 20 വരെയും 50 രൂപ പിഴയോടെ മേയ് 22 വരെയും 125 രൂപ പിഴയോടെ മേയ് 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മേയ് 27 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി (2011 അഡ്മിഷൻ) മേഴ്സിചാൻസ് പരീക്ഷകൾക്ക് ഓഫ്ലൈനായി പിഴ കൂടാതെ മേയ് 10 വരെയും 50 രൂപ പിഴയോടെ മേയ് 13 വരെയും 125 രൂപ പിഴയോടെ മേയ് 14 വരെയും സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## കെ മാറ്റ് പരീക്ഷ

വിവിധ സർവകലാശാലകൾ പരീക്ഷാഫലം പുറപ്പെടുവിക്കുന്നതിൽ വരുത്തുന്ന കാലതാമസം കണക്കിലെടുത്ത് കൂടുതൽ അവസരങ്ങൾ എം.ബി.എ പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ രണ്ട് കെ മാറ്റ് കേരള പരീക്ഷ നടത്തുന്നതിന് എല്ലാ സർവകലാശാലകളും കൂടി തീരുമാനിച്ചിരിക്കുന്നു. ആദ്യത്തെ പരീക്ഷ ഫെബ്രുവരി 17 ന് നടത്തിയിട്ടുള്ളതാണ്. രണ്ടാമത്തെ കെമാറ്റ് കേരള പരീക്ഷ ജൂൺ 16 ന് നടത്തുന്നതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയാണ് (കുസാറ്റ്) പ്രവേശന മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിൽ പ്രവേശന പരീക്ഷ നടത്തുന്നത്. വിശദവിവരങ്ങൾ kmatkerala.in എന്ന വെബ്സൈറ്റിൽ.

തിരുവനന്തപുരം,
03–05–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**